Mr. T. Narayana Menon *(Conservator of Forests):* I am afraid, I cannot give such an undertaking, when it is not possible to collect the seeds economically, and when the trees producing such seeds are in great demand for timber. A typical instance is *vateria indica or* Vellapine which yields oil-producing seeds the collection of which is uneconomical but the timber of which is very much in demand to supply hutting-timber for the army.

MEDICAL CERTIFICATES FOR GOVERNMENT SERVANTS—PARTICULARS OF

33. മിസ്റ്റർ സി. കെ. നായർ: താഴെ ചേർക്കുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു വിഷയം മറുപടി പറയുമോ.—

(എ) രോഗിയായ സർക്കാർ ജീവനക്കാരനു് അവധി ലഭിക്കുവാൻ, തന്നെ ചികിത്സിക്കുന്ന വൈദ്യന്റെ സർട്ടിഫിക്കറ്റല്ലേ ആവശ്യമായിരുന്നുള്ളു;

(ബി) ഈ നിയമം ഭേദപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇന്നതിനു നിയമം എന്തു്;

(ഡി) ഈ മാറ്റത്തിനു പ്രേരകമായ കാരണമെന്തു്?

മിസ്റ്റർ പി. വി. റാഫേൽ: (എ) Article 144, C. S. R. പ്രകാരം ചികിത്സിക്കുന്ന വൈദ്യന്റെ സർട്ടിഫിക്കറ്റു് ചീഫ് മെഡിക്കലാഫീസർ Countersign ചെയ്യേണ്ടതാകുന്നു. എന്നാൽ non-Gazetted ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം ദിവാൻജി അവർകളുടെ കല്പനകൾ അനുസരിച്ചു് മേലധികാരിയുടെ യുക്തംപോലെ Countersign ചെയ്യാതെയും സർട്ടിഫിക്കറ്റു സ്വീകരിക്കാം.

(ബി) ഇല്ല.

(സി) ഉത്തരം ആവശ്യമില്ല.

(ഡി) ടി.

മിസ്റ്റർ സി. കെ. നായർ: ആട്ടിക്കിം റൂൾ, സി. എസ്സ്. ആർ. പ്രകാരം ചീഫ് മെഡിക്കലാഫീസർ കൌണ്ടർസയിൻചെയ്തിട്ടില്ലെങ്കിലും ചികിത്സിക്കുന്ന വൈദ്യന്റെ സർട്ടിഫിക്കറ്റുകൊണ്ടു് തൃപ്തിപ്പെടാറില്ലേ?

മിസ്റ്റർ പി. വി. റാഫേൽ: മേൽപ്രകാരം നോൺ ഗസറ്റഡ് ഓഫീസറാണെങ്കിൽ കൌണ്ടർസയിനില്ലാതേയും കഴിച്ചുകൂട്ടാം.

മിസ്റ്റർ സി. കെ. നായർ: അങ്ങിനെ കൌണ്ടർസയിൻ ചെയ്യാത്ത സർട്ടിഫിക്കറ്റു സ്വീകരിക്കുന്നുണ്ടോ എന്നാണു് ചോദിക്കുന്നതു്?

മിസ്റ്റർ പി. വി. റാഫേൽ: നോൺ ഗസറ്റഡ് അല്ലെങ്കിൽ കൌണ്ടർ സിഗ്നേച്ചർ വേണമെന്നുള്ളതു്.

മിസ്റ്റർ സി. കെ. നായർ: ഈ ഉപ്പിക ശമ്പളമുള്ള വേറം ഒരു സ്ത്രീമാസ്സറെ ചികിത്സിക്കുന്ന ഒരു വൈദ്യന്റെ സർട്ടിഫിക്കറ്റു് സ്വീകരിക്കാവുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ: ദിവാൻജി അവർകളുടെ കല്പനയനുസരിച്ചു വേണം അതു ചെയ്യുവാൻ. There must be a specific order from the Diwan.

മിസ്റ്റർ സി. കെ. നായർ: ഒരു ആയുർവ്വേദവൈദ്യൻ ചികിത്സിക്കുകയാണെങ്കിൽ അയാൾ കൊടുക്കുന്ന സർട്ടിഫിക്കറ്റിൽ കൌണ്ടർ സിഗനേച്ചർ വേണമെന്നുപറയുന്നതു ശരിതന്നെ. എൽ. എം. പി. പാസ്സായിട്ടുള്ള ഒരു ഡോക്ടർ ചികിത്സിക്കുകയാണെങ്കിൽ അദ്ദേഹം കൊടുക്കുന്ന സർട്ടിഫിക്കറ്റിൽ ചീഫ് മെഡിക്കലാഫീസർ കൌണ്ടർസയിൻ ചെയ്യണമെന്നു പറയുന്നതു ശരിയാണോ?

മിസ്റ്റർ പി. വി. റാഫേൽ: കൌണ്ടർ സിഗനേച്ചറില്ലാതെ സർട്ടിഫിക്കറ്റു് സ്വീകരിക്കാൻ പാടില്ലെന്നാണു് റൂൾ.

മിസ്റ്റർ സി. കെ. നായർ: ചികിത്സിക്കുന്ന വൈദ്യനുമാത്രമേ രോഗനിണ്ണയം ചെയ്യുവാൻ കഴിയുകയുള്ളു. ഇന്ന രോഗമാണു് രോഗിക്കെന്നു പറയുവാനുള്ള അധികാരം അസിസ്റ്റാണ്ടു് സർജനെ ഉള്ളു എന്നാണോ പറയുന്നതു്?

മിസ്റ്റർ പി. വി. റാഫേൽ: റൂൾ-ാം വകുപ്പുപ്രകാരം കൌണ്ടർ സിഗനേച്ചർ വേണമെന്നാണു നിശ്ചയം.

മിസ്റ്റർ സി. കെ. നായർ: അസിസ്റ്റാണ്ടു സർജന്റേതല്ലാത്ത സർട്ടിഫിക്കറ്റുകൾ മടക്കിയയച്ചതായി ഗവണ്മെണ്ടിനറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. A. V. Moothedan *(Chalakkudi)*: Will the Government kindly consider the desirability of relaxing the rules during the pendancy of war ?

Mr. P. V. Raphael *(Comptroller of Finance and Accounts)*: Counter-signature will not in any way give any kind of inconvenience. The Chief Medical Officer counter-signs, and only in such cases where he imagines some doubt or irregularity, he actually goes and examines ; otherwise he accepts the certificate.

Mr. A. B. Salem *(Mattancheri)*: Honest cases will be alright.

മിസ്റ്റർ സി. കെ. നായർ: ചികിത്സിക്കുന്ന വൈദ്യന്റെ സർട്ടിഫിക്കറ്റ് അസിസ്റ്റാണ്ട് സർജന്റേതല്ലെന്നുള്ള കാരണംകൊണ്ട് മടക്കിയയ്ക്കുന്ന സമ്പ്രദായമുണ്ടോ ?

മിസ്റ്റർ പി. വി. റാഫേൽ: സർട്ടിഫിക്കറ്റ് ചികിത്സിക്കുന്ന വൈദ്യന്റേതു മതി, പക്ഷെ ഏതുപ്രകാരം കൌണ്ടർ സിഗ്നേച്ചർ വേണമെന്നുവെച്ചിട്ടുണ്ട്.

മിസ്റ്റർ സി. കെ. നായർ: ഒരു രോഗിയെ ചികിത്സിക്കുന്ന ഒരു ആയുർവ്വേദ വൈദ്യന്റെ സർട്ടിഫിക്കറ്റിൽ ഇന്ന രോഗമാണ്, അതു സുഖപ്പെടാൻ ഇത്ര നാൾ വേണമെന്നു കാണിച്ചിട്ടുണ്ടായിരിക്കുകയില്ലേ ?

മിസ്റ്റർ പി. വി. റാഫേൽ: സർട്ടിഫിക്കറ്റിൽ കാണിച്ചിരിക്കും. എന്നാൽ അതു കൂടെക്കൂടി safe ആയിരിക്കണമെന്നുവെച്ചാണ് കൌണ്ടർ സിഗ്നേച്ചർ വേണമെന്നുവെച്ചിരിക്കുന്നതു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: ആയുർവ്വേദ വൈദ്യനാണ് ചികിത്സിക്കുന്നതു്. അയാൾക്ക് രോഗമിന്നതാണെന്നും, അതു ഭേദമാകുവാൻ ഇത്രനാൾ വേണമെന്നും നിശ്ചയമുണ്ട്. അയാൾ കൊടുക്കുന്ന സർട്ടിഫിക്കറ്റിൽ രോഗത്തെപ്പറ്റി നിശ്ചയമില്ലാത്ത ആളുടെ കൌണ്ടർ സിഗ്നേച്ചർ വേണമെന്നു പറയുന്നതിന്റെ ആവശ്യമെന്താണ് ?

Mr. P. V. Raphael *(Comptroller of Finance and Accounts)*: So that the Government may be sure about it. The Chief Medical Officer can either call the patient or he can go to him. From the certificate, the Chief Medical Officer can understand whether it requires personal examination. If he is satisfied that a personal examination is wanted, he can call the patient, or even go to him personally.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഇതു് ഇന്ന ദീനമായിരുന്നുവെന്നു് ചീഫ് മെഡിക്കലാഫീസർക്കു മനസ്സിലാക്കുവാൻ സാധിച്ചില്ലെന്നു വരാം. ചിലപ്പോൾ അങ്ങിനെ വരാറില്ലേ ?

മിസ്റ്റർ പി. വി. റാഫേൽ: മറ്റു ആഫീസുകാര്യമായിട്ടു ചീഫ് മെഡിക്കലാഫീസർക്കു പല സ്ഥലങ്ങളിലും സഞ്ചരിക്കേണ്ടതുണ്ട്. അപ്പോൾ അദ്ദേഹത്തിനു് അന്വേഷിക്കുവാൻ സാധിക്കുന്നതാണ്.

മിസ്റ്റർ വി. കെ. കുട്ടി: ഇപ്പോഴുള്ള നിയമം കുറെ അപകടമായിട്ടുള്ളതാണെന്നാണു തോന്നുന്നതു്.

മിസ്റ്റർ പി. വി. റാഫേൽ: യാതൊന്നുമില്ല.

മിസ്റ്റർ വി. കെ. കുട്ടി: ചിറ്റൂർ, തത്തമംഗലം മുതലായ സ്ഥലങ്ങളിലുള്ള രോഗികളെ ചികിത്സിക്കുന്ന വൈദ്യന്മാരുടെ സർട്ടിഫിക്കറ്റിൽ ചീഫ് മെഡിക്കലാഫീസർക്കു കൌണ്ടർ സിഗ്നേച്ചർ ചെയ്യുവാൻവേണ്ടി രോഗിയെ പോയി കാണുവാൻ സാധിച്ചുവെന്നു വരുമോ ?

മിസ്റ്റർ പി. വി. റാഫേൽ: ഇതുവരെയും യാതൊരു വിഷമവും ഉണ്ടായിട്ടില്ല.

മിസ്റ്റർ സി. കെ. നായർ: ഈ നിയമം നടപ്പാക്കിയതിനുശേഷം കൊച്ചിരാജ്യത്തു് എവിടെനിന്നെങ്കിലും ഒരു സർട്ടിഫിക്കറ്റ് കൌണ്ടർ സിഗ്നേച്ചർ ചെയ്യുവാനായിട്ടു് ചീഫ് മെഡിക്കലാഫീസർക്കു കിട്ടീട്ടുണ്ടോ ? ഗസറ്റഡ് ഓഫീസേഴ്സിനെ ഒഴിച്ചു് ബാക്കിയുള്ളവരെ സംബന്ധിച്ചാണ ഞാൻ ചോദിക്കുന്നതു്.

മിസ്റ്റർ വി. കെ. കുട്ടി: ഇതിനെപ്പറ്റി അന്വേഷിച്ചു് ആവശ്യമാണെന്നുകണ്ടാൽ നിയമത്തിൽ ഭേദഗതി വരുത്താമോ ?

മിസ്റ്റർ പി. വി. റാഫേൽ: ഈ നിയമംകൊണ്ടു വലിയ വിഷമങ്ങളൊന്നും ഉള്ളതായി അറിവില്ല. അത്ര വലിയ വിഷമമുണ്ടെന്നു് വരുകയാണെങ്കിൽ മാറ്റേണ്ടതാണ്. വിഷമങ്ങളൊന്നുമുണ്ടെന്നു് ഇതുവരെ തോന്നീട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: സാധാരണ ചീഫ് മെഡിക്കലാഫീസറുടെ അടുത്തു് കൌണ്ടർ സിഗ്നേച്ചറിനു് വരാറുണ്ടോ?

ഡോക്ടർ ടി. വർഗ്ഗീസ്സ്: ഉണ്ടു്. രോഗികളെ കാണണമെന്നുവെച്ചാൽ അങ്ങിനെയും ചെയ്യാറുണ്ടു്.

മിസ്റ്റർ സി. കെ. നായർ: ഗസറ്റഡ് ആഫീസ്സർമാരെ സംബന്ധിക്കുന്ന സട്ടിഫിക്കറുകളല്ലെ അവ? നാൺ ഗസറ്റഡ് ആഫീസ്സർമാക്കു ചികിത്സിക്കുന്ന വൈദ്യന്മാർ നൽകുന്ന സട്ടിഫിക്കറുകൾ കൌണ്ടർ സൈൻ ചെയ്യാൻ വരാറുണ്ടോ? ഗവമ്മെണ്ടംഗീകരിച്ചിട്ടുള്ള—പഞ്ചായത്തു വൈദ്യനുൾപ്പെടെ—എല്ലാ വൈദ്യന്മാരുടെയും സട്ടിഫിക്കറുകൾ സ്വീകരിക്കുമോ?

മിസ്റ്റർ പി. വി. റാഫേൽ: അങ്ങിനെ ഡിപ്പാട്ട്മെണ്ടു സമ്മതിക്കുമെന്നു തോന്നുന്നില്ല. അനേപ്ഷിക്കതന്നെ വേണം.

മിസ്റ്റർ ടി. എസ്സ്. രാമചന്ദ്രയ്യർ: ആയുർവ്വേദ സൂപ്രഡണ്ടിന്റെ കൌണ്ടർ സിഗ്നേച്ചർ പോരെ?

മിസ്റ്റർ പി. വി. റാഫേൽ: ഇപ്പോഴത്തെ നിയമപ്രകാരം ചീഫ് മെഡിക്കൽ ആഫീസറുടെ കൌണ്ടർ സിഗ്നേച്ചർ വേണമെന്നാണു്. ആയുർവ്വേദ സൂപ്രഡണ്ടിന്റെ കൌണ്ടർ സിഗ്നേച്ചർ പോരെ എന്നുള്ളതിനെപ്പറ്റി ആലോചിക്കുന്നതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സി. എസ്സ്. ആർ. ക്ലർക്ക് എഴുതിയപ്പോൾ ആയുർവ്വേദ ചികിത്സ നടപ്പുണ്ടായിരുന്നില്ലേ?

മിസ്റ്റർ പി. വി. റാഫേൽ: അതിനു വളരെ മുമ്പുതന്നെയുള്ളതാണു് ആയുർവ്വേദം, അഷ്ടാംഗഹൃദയം മുതലായതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗവമ്മെണ്ടിൽനിന്നു് ആയുർവ്വേദ ഡിപ്പാട്ട്മെണ്ടു് സ്ഥാപിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ: ഗവമ്മെണ്ടിൽനിന്നു്. ആ ഡിപ്പാട്ട്മെണ്ടു തുടങ്ങീട്ടു് ഇപ്പോൾ ഏതാണ്ടു് 6 കൊല്ലത്തോളമായിട്ടുണ്ടു്. പഞ്ചായത്തു ഡിപ്പാട്ട്മെണ്ടു തുടങ്ങിയതോടുകൂടിതന്നെ ആയുർവ്വേദവും ഇവിടെ തുടങ്ങീട്ടുണ്ടു്.

Dr. T. Verghese *(Chief Medical Officer)*: Even my department recognises certificates issued by the Ayurvedic department.

മിസ്റ്റർ കെ. എസ്സ് പണിക്കർ: ചീഫ് മെഡിക്കലാഫീസ്സർ ചിലപ്പോൾ അങ്ങോട്ടു പോയി നോക്കാറുണ്ടെന്നു പറഞ്ഞുവല്ലൊ. അങ്ങിനെയാണെങ്കിൽ ചിറ്റൂരിൽ കിടക്കുന്ന ഒരു രോഗിയെപ്പറ്റി സംശയമുണ്ടെങ്കിൽ നോക്കാനായിട്ടു് അങ്ങോട്ടു പോകുമോ? അതിനുള്ള ചിലവു് ആരു കൊടുക്കും?

മിസ്റ്റർ പി. വി. റാഫേൽ: ചീഫ് മെഡിക്കലാഫീസക്കു പലേ ജോലികളുമുണ്ടു്. അതിനായിട്ടു് പലപ്പോഴും അങ്ങോട്ടു പോകേണ്ടിവരും. അസിസ്റ്റണ്ടു് സർജ്ജൻ പോയി നോക്കിയാൽ മതിയെന്നാണെങ്കിൽ അങ്ങിനെ ചെയ്യും. അതിനായിട്ടു് യാതൊരു.....

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ചീഫ് മെഡിക്കലാഫീസക്കു വല്ല കാരണവശാലും പോകുവാൻ സാധിച്ചില്ലെന്നു വന്നാൽ അദ്ദേഹം അവിടെ ചെല്ലുന്നതുവരെ.....

മിസ്റ്റർ പി. വി. റാഫേൽ: എന്തെങ്കിലും കാര്യത്തിനായിട്ടു് അദ്ദേഹത്തിനു് കൂടക്കൂടെ അവിടങ്ങളിൽ സഞ്ചരിക്കേണ്ടതായി വരും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതിനുള്ള ചിലവു് ആരാണു കൊടുക്കുന്നതു്?

മിസ്റ്റർ പി. വി. റാഫേൽ: അതിനായിട്ടു് യാതൊരു ചിലവും ഇല്ല. അങ്ങിനെ ചിലവുചെയ്യേണ്ട ആവശ്യവുമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ലീവുകിട്ടണമെന്നുണ്ടെങ്കിൽ മെഡിക്കൽ ഗ്രാഡുവെറ്റിന്റെ സട്ടിഫിക്കറു കിട്ടണമെന്നുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ: സി. എസ്സ്. ആർ. പ്രകാരം അങ്ങിനെയില്ല. ചികിത്സിക്കുന്ന വൈദ്യന്റെ സട്ടിഫിക്കറു മതി. അതിന്മേൽ കൌണ്ടർ സിഗ്നേച്ചർ മാത്രമേ വേണ്ടു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കുന്നംകുളത്തുനിന്നു് സബ്ബ് അസിസ്റ്റണ്ടു് സർജ്ജന്റെ സട്ടിഫിക്കറു കൊണ്ടുവന്നപ്പോൾ അതുപോരാ മെഡിക്കൽ ഗ്രാഡുവെറ്റിന്റെ സട്ടി

LIBRARY ARCHIVES Kerala Legislative Assembly

ഫിക്കറ വേണമെന്ന പറഞ്ഞു മടക്കിയയച്ചിട്ടുണ്ടോ? അങ്ങിനെ മടക്കിയയച്ച് മറുപടി കിട്ടുന്നതിനുമുമ്പ് ആ രോഗി മരിച്ചതായി അറിയാമോ?

ഡോക്ടർ ടി. വർഗ്ഗീസ്: ഓർക്കുന്നില്ല.

Mr. A. B. Salem *(Mattancheri)*: The question is the inconvenience to the teachers and other non-Gazetted officers. A man from Chittur wants leave, and an Ayurvedic doctor gives him a certificate. That certificate has to come here and has to be counter-signed hy the Chief Medical Officer. There is much delay.

Mr. P. V. Raphael *(Comptroller of Finance and Accounts)*: That certificate will come within 24 hours and it is counter-signed. There is only 24 hours delay.

Mr. A. Eachara Menon *(Chittur-Rural)*: Whenever he goes there, he will be examined. Till then he will not get leave.

Mr. P. V. Raphael *(Comptroller of Finance and Accounts)*: Such cases will be very few and far between.

Mr. A. B. Salem *(Mattancheri)*: What is the difficulty in changing the rule in order to get some Government officer in the locality itself countersign it?

Mr. P. V. Raphael *(Comptroller of Finance and Accounts)*: There is no difficulty to look into that.

മിസ്റ്റർ സി. കെ. നായർ: കൊച്ചി ഗവമ്മെണ്ടിലെ ഓരോ ഡിപ്പാർട്ട്മെണ്ടുകളിലും ദീനമാണെന്നുള്ള സർട്ടിഫിക്കറെയച്ചാൽ അസിസ്റ്റണ്ട് സർജ്ജന്റെ സർട്ടിഫിക്കറാണ വേണ്ട തെന്നുപറഞ്ഞു മടക്കിയയക്കുകയാണ് ഇന്നത്തെ നില. ഒരു സ്ത്രീക്ക ഗർഭമാണെങ്കിൽ അവ ക്ക മെറേർനിറ്റി ലീവ് കൊടുക്കുവാൻ അസിസ്റ്റണ്ട് സർജ്ജന്റെ സർട്ടിഫിക്കറ വേണം. ഒരു സ്ത്രീക്ക ഗർഭമാണെന്ന പറയാൻകൂടി അസിസ്റ്റണ്ട് സർജ്ജൻ വേണം. വെക്കേഷൻ കാ ലത്താണ പ്രസവമെങ്കിൽ പ്രസവിച്ച ദിവസംമുതല്ല മാത്രമേ അവധിയെടുക്കാറുള്ള. സർട്ടി ഫിക്കറ് പ്രസവിച്ച അന്നോ അതിനടുത്ത ദിവസമോ ഹാജരാക്കണം. കയ്യിൽ പണമി ല്ലാത്ത സാധുക്കളാണെങ്കിൽ കടംമേടിച്ച് മഞ്ചലിലോ മറേറാ കെട്ടി അവരെ തുശ്ശിവ പേരുക്കോ, കുന്നംകുളത്തേക്കോ കൊണ്ടുപോകണം.

Mr. President: This is question time.

Mr. P. V. Raphael *(Comptroller of Finance and Accounts)*: I have already explained to you that there is no such instance.

മിസ്റ്റർ സി. കെ. നായർ: മേലാലെങ്കിലും കൌണ്ടർസിഗ്നേച്ചർക്കുടാതെ ചികി ത്സിക്കുന്ന വൈദ്യന്റെ സർട്ടിഫിക്കറ കൊണ്ടുവന്നാൽ അവധി അനുവദിക്കാമോ?

മിസ്റ്റർ പി. വി. റാഫേൽ: കൌണ്ടർ സിഗ്നേച്ചറിന്റെ കാര്യം വളരെ ഗൌരവ മായിട്ട് ആലോചിക്കേണ്ട ഒന്നാണ്. കൌണ്ടർ സിഗ്നേച്ചർക്കുടാതെ ലീവു കൊടുക്കാ മോ എന്നുള്ളതു വളരെ സീരിയസ്സായി ആലോചിക്കേണ്ട ഒരു വിഷയമാണ്. കൺസിഡർ ചെയ്യാമെന്നുമാത്രമേ പറയുവാൻ നിവൃത്തിയുള്ള. നമ്മുടെ നാട്ടിൽ ധാരാളം ഡോക്ടർമാ രും വൈദ്യന്മാരുമുണ്ട്. അവരുടെയെല്ലാം സർട്ടിഫിക്കറകൾ കൌണ്ടർ സിഗ്നേച്ചറില്ലാ തെ സ്വീകരിക്കുവാൻ പ്രയാസമാണ്.

മിസ്റ്റർ സി. കെ. നായർ: ചികിത്സിക്കുന്ന പഞ്ചായത്തു വൈദ്യന്മാരുടെ സർട്ടിഫി ക്കറിനു കൌണ്ടർ സിഗ്നേച്ചർ വേണ്ട എന്നുവെക്കുവാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

മിസ്റ്റർ പി. വി. റാഫേൽ: If there are specific cases, bring them to notice. കൌണ്ടർ സിഗ്നേച്ചർ വേണമെന്നുവെച്ചിട്ടുള്ളതുകൊണ്ട് യാതൊരു ബുദ്ധിമുട്ടുമുള്ളതായി അറിവില്ല.

മിസ്റ്റർ സി. കെ. നായർ: ഗവമ്മെണ്ടുദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ പക്ഷെ കഴപ്പ മില്ലായിരിക്കാം. എന്നാൽ എയിഡഡ്സ്കൂൾ മാസ്റ്റർമാരുടെ തുടങ്ങിയുള്ള പട്ടിണിക്കുന്തങ്ങ ളുടെ കാര്യം അങ്ങിനെയല്ല.

മിസ്റ്റർ ഇസ്മായിൽഹാജി ഈസാസേട്ട്: കൌണ്ടർ സിഗ്നേച്ചർ വേണമെന്നുവെച്ചിട്ട ള്ളതു ബാക്കിയുള്ളവർക്ക് ബുദ്ധിമുട്ടുള്ളതാണെന്ന ഗവമ്മെണ്ടിനു തോന്നീട്ടുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ: ഇല്ല. ബുദ്ധിമുട്ടുണ്ടെന്നുതോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly